# 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021-ലെ 15-ാം ആക്റ്റ്) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2021-ലെ 15-ാം ആക്റ്റിന്റെ റദ്ദാക്കൽ.—(1) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021-ലെ 15-ാം ആക്റ്റ്) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും അപ്രകാരമുള്ള റദ്ദാക്കൽ 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2021-ലെ 15-ാം ആക്റ്റ്) പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത ആക്റ്റ് റദ്ദാക്കിയ തീയതി വരെ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തര ഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.

KNPP. 1209/2022.